SC RAP FOR DELAY

CVC submits enquiry report on Verma

Apex court pulls it up for not turning over report on allegations against CBI director a day earlier

ANANTHAKRISHNAN G
New Delhi, November 12

THE CENTRAL VIGILANCE Commission (CVC) submitted on Monday its preliminary enquiry report on allegations against CBI director Alok Verma to the Supreme Court which pulled it up for not turning over the report a day earlier.

Solicitor general Tushar Mehta handed over the report in sealed covers to a bench of Chief Justice of India Ranjan Gogoi and justice SK Kaul. They took it on record and fixed November 16 for hearing the matter next.

The bench appeared unhappy over the report not being filed on Sunday. Mehta said his team was late by an hour as they had to photocopy some papers, etc, and could reach the Registry only by 12.30 pm.

The Registry was open until 11.30 am.

"Justice (AK) Patnaik was also shown and all was ready... We wanted to file, but we came at 12.30 pm," Mehta told the bench, admitting to the delay.

At this, CJI Gogoi said: "On a Sunday, we kept the Registry open till 11.30. How long will the Registrars wait."

A CVC order had divested CBI director Alok Verma of responsibilities while it looked into allegations

Meanwhile, the CBI also placed before the court a report on decisions taken by its interim director M Nageshwar Rao. Intervening in the tussle between Verma and his number two, special director Rakesh Asthana, the department of personnel and training had, on October 23, divested them of their powers till further orders.

The government action followed a CVC order divesting Verma of responsibilities while it looked into allegations raised in a complaint dated August 24 which the Cabinet secretary had forwarded to the Commission on August 31.

Hearing petitions filed by Verma and NGO Common Cause challenging the government action, the Supreme Court on October 26 gave the CVC two weeks to complete the probe against the CBI Director and said it will be monitored by its retired judge, justice AK Patnaik.

The court also ordered that Rao should perform only administrative functions and not take any policy decision. It asked the CBI to furnish a list of decisions taken by him post appointment.

Appearing for the NGO, senior advocate Dushyant Dave said Rao continued to take important decisions after his appointment.

The CJI then told him "the spirit of our order is that there should not be any major decision. If there is any violation, you can bring it to our notice".

Dave said "what's surprising is that they (CVC) opened their offices at 2 am on October 23 to pass orders against Alok Verma, but could not submit report (in SC) on time".

● സമരത്തിൽനിന്ന് പിന്നോട്ടില്ലെന്നു യൂത്ത് ലീഗ് ●

ജലീലിന്റെ ബന്ധുവിന്റെ രാജി ബോർഡ് യോഗം അംഗീകരിച്ചു

അദീബിന്റെ നിയമനം സുപ്രീം കോടതി വിധിയുടെ ലംഘനം: പി.കെ. ഫിറോസ്

തിരുവനന്തപുരം: ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലെ കെ.ടി. അദീബിന്റെ നിയമനം സുപ്രീം കോടതി വിധിയുടെ ലംഘനമാണെന്നു യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്. സൗത്ത് ഇന്ത്യൻ ബാങ്ക് സ്റ്റാറ്റ്യൂട്ടറി പദവിയുള്ള സ്ഥാപനമായതിനാൽ അദീബിന്റെ ഡെപ്യൂട്ടേഷൻ നിയമനത്തിന് തെറ്റില്ലെന്നും അതിന് മന്ത്രിക്ക് വിവേചനാധികാരമുണ്ടെന്നുമുള്ള കെ.ടി. ജലീലിന്റെ വാദം പൊളിയുകയാണെന്നും ഫിറോസ് പത്രസമ്മേളനത്തിൽ പറഞ്ഞു.

വ്യക്തികൾക്കുമാത്രം ഓഹരികളുള്ള സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സ്റ്റാറ്റ്യൂട്ടറി പദവി ലഭിക്കില്ല. ഈ സാഹചര്യത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിലെ ഉദ്യോഗസ്ഥനായ അദീബിന്റെ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയത് നിയമാനുസൃതമല്ലെന്നും, സുപ്രീം കോടതി വിധി മറികടന്നാണെന്നും വ്യക്തം. അദീബ് കോർപറേഷനിൽനിന്ന് ഒരു രൂപ പോലും നേടിയിട്ടില്ലെന്ന വാദവും കളവാണ്. ഇതിനോടകം 56,000 രൂപ അദ്ദേഹം കൈപ്പറ്റിയിട്ടുണ്ട്. നിയമനത്തിനുള്ള യോഗ്യതയിൽ ബി.ടെക്കിനൊപ്പം പി.ജി.ഡി.ബി.എ. എന്ന ബിരുദം കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയതിലും അപാകതയുണ്ട്. സർക്കാർ ഇത് ഭേദഗതി ചെയ്ത് ഇറക്കിയ ഉത്തരവ് ലഭിക്കുന്നതിന് മുമ്പ് തന്നെ കോർപറേഷൻ വിജ്ഞാപനം ക്ഷണിച്ചു. മന്ത്രി ഇവിടെയും നേരിട്ട് ഇടപെട്ടു എന്നതിനും ഇതു തെളിവാണ്.

തൊണ്ടിമുതൽ തിരിച്ചേൽപ്പിച്ചാൽ മോഷ്ടാവ് കുറ്റവിമുക്തനാകില്ല. ആത്മാഭിമാനമുണ്ടെങ്കിൽ മന്ത്രി രാജിവയ്ക്കണമെന്നും ഫിറോസ് പറഞ്ഞു.

● സ്വന്തം ലേഖകൻ
കോഴിക്കോട്

ബന്ധുനിയമനവിവാദത്തെത്തുടർന്ന് മന്ത്രി കെ.ടി. ജലീലിന്റെ ബന്ധു കെ.ടി. അദീബ് ജനറൽ മാനേജർ സ്ഥാനം രാജിവച്ചത് ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ ഡയറക്ടർ ബോർഡ് അംഗീകരിച്ചു. രാജി ന്യൂനപക്ഷകാര്യ വകുപ്പിനെ അറിയിച്ചു. പുതിയ ജനറൽ മാനേജരെ നിയമിക്കുന്നതു സംബന്ധിച്ച് ചർച്ച നടന്നില്ല. അദീബിന്റെ രാജി സംബന്ധിച്ച് തർക്കങ്ങളുണ്ടായില്ല.

രാഷ്ട്രീയപ്രേരിതമായി കെട്ടിച്ചമച്ച വിവാദമാണുണ്ടായതെന്നും കോർപറേഷൻ പ്രവർത്തനം സുഗമമായി മുന്നോട്ടുപോകുന്നതിലുള്ള ചിലരുടെ അസൂയയാണ് വിവാദത്തിനു പിന്നിലെന്നും ബോർഡ് യോഗം വിലയിരുത്തി. കോർപറേഷനെ തകർക്കാനായിരുന്നു ശ്രമമെന്ന് ചെയർമാൻ പ്രഫ. എ.പി. അബ്ദുൾ വഹാബ് യോഗത്തിൽ പറഞ്ഞു.

കഴിഞ്ഞ ബോർഡ് യോഗമാണ് ജനറൽ മാനേജർ തസ്തികയിലേക്ക് അദീബിനെ നിയമിച്ചത്. ചർച്ചകൾക്കുശേഷം രാജിക്കത്ത് അംഗീകരിക്കുകയായിരുന്നു. പുതിയ ജനറൽ മാനേജരെ നിയമിക്കുന്ന കാര്യം യോഗം ചർച്ച ചെയ്തില്ല.

ജനറൽ മാനേജർ തസ്തികയിലേക്ക് അർഹരായ അപേക്ഷകർ ഉണ്ടായിട്ടും യോഗ്യതയിൽ മാറ്റംവരുത്തി മന്ത്രി ജലീലിന്റെ ബന്ധുവിനെ നിയമിച്ചുവെന്നായിരുന്നു ആരോപണം. യൂത്ത് ലീഗ് പ്രവർത്തകർ നിയമനത്തിൽ അഴിമതിയുണ്ടെന്ന് ആരോപിച്ച് സമരരംഗത്തിറങ്ങിയിരുന്നു. ജനറൽ മാനേജർ രാജിവച്ചെങ്കിലും സമരവുമായി മുന്നോട്ടുപോകുമെന്ന് യൂത്ത് ലീഗ് വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രി രാജിവയ്ക്കുന്നതുവരെ സമരവുമായി മുന്നോട്ടുപോകുമെന്ന് യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ് അറിയിച്ചു.

വിവാദം അടഞ്ഞ അധ്യായം, രാജിയാവശ്യം തള്ളി ജലീൽ

മലപ്പുറം: ബന്ധുനിയമന വിവാദത്തിൽ രാജിയാവശ്യം തള്ളി മന്ത്രി കെ.ടി. ജലീൽ. അദീബിന്റെ രാജിയും തനിക്കെതിരേ ഉയർന്ന ആരോപണവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും രാജി തീരുമാനിച്ചത് അദീബ് തന്നെയാണെന്നും മന്ത്രി പറഞ്ഞു. നിയമന ആരോപണത്തിൽ കഴമ്പില്ലാത്തതിനാലാണ് പുതിയ ആരോപണങ്ങൾ. ബന്ധുനിയമന വിവാദം അടഞ്ഞ അധ്യായമാണ്- മന്ത്രി പറഞ്ഞു.

മന്ത്രി ജലീൽ രാജിവയ്ക്കും വരെ പ്രക്ഷോഭം ശക്തമാക്കാൻ ജില്ലാ കോൺഗ്രസ് കമ്മിറ്റി തീരുമാനിച്ചു. തവനൂരിൽ യു.ഡി.എഫിന്റെ നേതൃത്വത്തിൽ ഇന്നു പ്രതിഷേധ സമരം നടത്തുമെന്നു ഡി.സി.സി. പ്രസിഡന്റ് വി.വി. പ്രകാശ് അറിയിച്ചു.

● കെ.ടി. ജലീൽ

വൽസൻ തില്ലങ്കേരിയുടെ വിവാദ പ്രസംഗം 'സൗഭാഗ്യം' ഇങ്ങനെ

തിരുവനന്തപുരം: ചിത്തിര ആട്ടവിശേഷത്തിനു സന്നിധാനത്തു ഡ്യൂട്ടിക്കു നിയോഗിച്ച കോട്ടയം വനിതാ പോലീസ് സ്റ്റേഷൻ കോൺസ്റ്റബിൾ അന്തിയുറങ്ങിയത് 50 വയസിൽ താഴെയാണെന്നു പ്രചാരണമുണ്ടായി. അന്തിയുറങ്ങി മടങ്ങിയത് 49 വയസുകാരിയാണെന്നാരോപിച്ചാണ് തന്ത്രിക്കും ബി.ജെ.പി. നേതാക്കൾക്കും സന്നിധാനത്തു മുന്നിൽ സംഘർഷത്തിനു വഴിയൊരുക്കാൻ ശ്രമം ഉണ്ടായത്. സന്നിധാനം കലാപഭൂമിയായി മാറാതിരിക്കാൻ വേണ്ടി ജനനത്തീയതി വ്യക്തമാക്കുന്ന സർവീസ് ബുക്ക് പോലീസിനു തില്ലങ്കേരിയെ കാണിക്കേണ്ടിവന്നു.

ഐ.ജി.യുടെ നിർദേശപ്രകാരം കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ ക്യാമ്പ് ഓഫീസിൽനിന്ന് അന്തിയുറങ്ങിയ വനിതാ പോലീസിന്റെ സർവീസ് രേഖ എത്തിച്ചാണ് ആർ.എസ്.എസ്. നേതാവിനെ ബോധ്യപ്പെടുത്തിയത്. ജനനത്തീയതി 1968 ഏപ്രിൽ പത്താണെന്നു ബോധ്യപ്പെട്ടതോടെ ആർ.എസ്.എസ്. നേതാക്കൾ പിരിഞ്ഞു. മറ്റു പോലീസ് ഉദ്യോഗസ്ഥരാണ് ജനനത്തീയതി പരിശോധിച്ച് 50 വയസ് തികഞ്ഞതാണെന്ന് ആർ.എസ്.എസ്. നേതാക്കളെ ബോധ്യപ്പെടുത്തിയത്.

ഇതു വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ വിവാദം സംഘർഷത്തിലേക്കു നീങ്ങുമായിരുന്നു. ജനനത്തീയതി അവിടെ സർവീസ് ബുക്ക് വിവരങ്ങൾ ആവശ്യപ്പെട്ടതും. അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചത് പോലീസിന്റെ മിടുക്കാണ്. ഇക്കാര്യം ഉന്നയിച്ചാണ് ആർ.എസ്.എസ്. നേതാക്കൾ പ്രസംഗിച്ചു നടക്കുന്നതു നാണക്കേടുമായി.

● ഹൈക്കോടതിയിൽ സർക്കാരിന്റെ സത്യവാങ്മൂലം

'ശബരിമലയിൽ അഹിന്ദുക്കളെ വിലക്കരുത്'

കൊച്ചി: ശബരിമലയിൽ അഹിന്ദുക്കളെ വിലക്കരുതെന്നു സംസ്ഥാനസർക്കാർ ഹൈക്കോടതിയിൽ. ശബരിമലയിലേക്കു വരുന്നവർ വാവരുടെ പള്ളിയിൽ കയറി പ്രാർഥിച്ചശേഷമാണു സന്നിധാനത്തേക്കു പോകുന്നതെന്നും അതിനാൽ അഹിന്ദുക്കളെ പ്രവേശിപ്പിക്കരുത് എന്നതിനോടു യോജിപ്പില്ലെന്നും ഹൈക്കോടതിയിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചു.

ശബരിമലയുടെ ഉടമസ്ഥാവകാശത്തെക്കുറിച്ചു വിവിധ വാദങ്ങളുണ്ട്. ക്ഷേത്രം മലയരയന്മാരുടേതാണെന്നും, ബുദ്ധക്ഷേത്രമാണെന്നും വാദമുണ്ട്. കേസുമായി ബന്ധപ്പെട്ടു മുസ്ലിം സംഘടനകൾ, വഖഫ് ബോർഡ്, ക്രിസ്ത്യൻ സംഘടനകൾ, വാവർ ട്രസ്റ്റ് എന്നിവരുടെ നിലപാടുകൂടി കോടതി പരിഗണിക്കണം.

ശരണം എന്ന വാക്ക് ബുദ്ധമതവുമായി ബന്ധപ്പെട്ടതാണ്. പേട്ടതുള്ളൽ ആരംഭിക്കുന്നത് എരുമേലി വാവർ പള്ളിയിൽനിന്നാണ്. ഹരിവരാസനം പാടിയതു ഗാനഗന്ധർവൻ യേശുദാസാണ്. അദ്ദേഹം ശബരിമലയിൽ ദർശനം നടത്താറുണ്ട്. ഇക്കാരണങ്ങൾകൊണ്ടു വിവിധ മത വിഭാഗങ്ങളുടെ നിലപാടും കോടതി പരിഗണിക്കണമെന്നു സത്യവാങ്മൂലത്തിൽ സർക്കാർ അഭ്യർഥിച്ചു.

ശബരിമലയുടെ സുരക്ഷയിൽ ഇടപെടുമെന്നു ഹൈക്കോടതിയെ അറിയിച്ച സർക്കാർ ആചാരാനുഷ്ഠാനങ്ങളിൽ ഇടപെടാറില്ലെന്നും വ്യക്തമാക്കി. സുഗമമായ തീർഥാടനം ഉറപ്പുവരുത്തേണ്ടതു സർക്കാരിന്റെ ഉത്തരവാദിത്വമാണ്. മതപരമോ ആചാരപരമോ ആയ കാര്യങ്ങളിൽ സർക്കാർ ഇടപെട്ടിട്ടില്ല. ഇടപെടാൻ ഉദ്ദേശിക്കുന്നുമില്ല. സുഗമമായ തീർഥാടന കാലം ഉറപ്പുവരുത്താനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും. സുരക്ഷാകാര്യങ്ങളിൽ മുഖ്യമന്ത്രി നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അതു മുഖ്യമന്ത്രിയുടെ ഉത്തരവാദിത്വമാണ്.

സ്ത്രീപ്രവേശനം സർക്കാർ പൂർണമായും അംഗീകരിക്കുന്നു. സ്ത്രീകളുടെ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി നടപ്പാക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്. യഥാർഥ വിശ്വാസികൾക്കു ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്യും. ശബരിമലയിൽ ഭക്തർക്കു സൗകര്യങ്ങളൊരുക്കുന്നതിന് ദേവസ്വം ബോർഡിനു കോടിക്കണക്കിനു രൂപ സംസ്ഥാന സർക്കാർ ഖജനാവിൽനിന്നു നൽകുന്നുണ്ട്. ഈ പണം ചെലവാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ ഉറപ്പുവരുത്താൻ സർക്കാരിന് ഇടപെടൽ നടത്താൻ അവകാശമുണ്ടെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

അഹിന്ദുക്കളെ വിലക്കണമെന്നാവശ്യപ്പെട്ടായിരുന്നു ഹർജി. 19 നു കോടതി ഹർജി പരിഗണിക്കും.

● സർക്കാർ സർവകക്ഷിയോഗത്തിന്

സത്യവാങ്മൂലം തിരിച്ചടി; ബോർഡിനും ഭീഷണി

● ജി. അരുൺ
തിരുവനന്തപുരം

ശബരിമല യുവതീപ്രവേശനത്തിൽ സർവകക്ഷി യോഗം വിളിക്കാനുള്ള തീരുമാനത്തിനു സംസ്ഥാനസർക്കാർ ഇന്നലെ ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം തിരിച്ചടി. മറ്റു സമുദായങ്ങളെക്കൂടി ചർച്ചയ്ക്കു വിളിക്കണമെന്നും ശബരിമല ബുദ്ധക്ഷേത്രമാണെന്നുമുള്ള സർക്കാർവാദം ഹൈന്ദവ സംഘടനകൾ അംഗീകരിക്കില്ലെന്നാണ് സൂചന. സമുദായ ചേരിതിരിവിനാണ് സർക്കാർ ശ്രമിക്കുന്നതെന്ന ആരോപണം ഉയർന്നുകഴിഞ്ഞു.

ശബരിമല വിഷയത്തിൽ ക്രൈസ്തവ, മുസ്ലിം സമുദായങ്ങൾ ചർച്ചയ്ക്കു തയാറായേക്കില്ല. വിഷയത്തിൽ ഇടപെട്ടാൽ നാളെ തങ്ങളുടെ സമുദായത്തിലും സർക്കാർ കൈകടത്തലുണ്ടാകുമെന്നും അതുകൊണ്ടുതന്നെ സർക്കാർ ഒരുക്കിയ കുരുക്കിൽ തലയിടേണ്ടെന്നുമാണ് ഇവരുടെ നിലപാട്. ഈ സാഹചര്യത്തിൽ സർവകക്ഷി യോഗം പ്രഹസനമാകാനാണ് സാധ്യത.

സുപ്രീം കോടതി ഇന്നു ശബരിമലക്കേസ് പരിഗണിക്കുന്ന സാഹചര്യത്തിലാണു സർവകക്ഷി യോഗം വിളിക്കാനുള്ള സർക്കാർനീക്കം. നേരത്തെ തന്ത്രി, രാജ കുടുംബങ്ങളുമായി സർക്കാർ സമവായചർച്ച നടത്താൻ ശ്രമിച്ചെങ്കിലും വിഫലമാകുകയായിരുന്നു. സമാനമായ സാഹചര്യമാണ് ഇപ്പോഴും. സർക്കാരെടുത്ത തീരുമാനം അടിച്ചേൽപ്പിക്കാൻ, പിന്നീടു ചർച്ചയെന്ന പേരിൽ വിളിക്കുന്നിടത്തേക്ക് ഇല്ലെന്നായിരുന്നു തന്ത്രി, രാജ കുടുംബങ്ങളുടെ നിലപാട്.

സർക്കാർ സർവകക്ഷി യോഗം വിളിക്കുമെന്ന വാർത്ത ഇന്നലെ പരന്നപ്പോൾ മഞ്ഞുരുകുന്നതായി സൂചനയുണ്ടായെങ്കിലും ഹൈക്കോടതിയിൽ സർക്കാർ നൽകിയ സത്യവാങ്മൂലം പുറത്തുവന്നതോടെ പ്രതിഷേധം കടുത്തു. സർവകക്ഷിയോഗം വിളിക്കുന്നതിൽ സന്തോഷമുണ്ടെന്നായിരുന്നു ഡൽഹിയിൽനിന്നു തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാറിന്റെ പ്രതികരണം. എന്നാൽ, സർക്കാർസത്യവാങ്മൂലം ദേവസ്വം ബോർഡിനും ഭീഷണിയായി.

അധീനതയിലുള്ള ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചു തങ്ങളുടെ സർക്കാർതന്നെ സംശയം പ്രകടിപ്പിച്ചതോടെയാണ് ബോർഡ് വീണ്ടും പ്രതിസന്ധിയിലായത്. ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശത്തിൽ വ്യക്തതയില്ലെന്നും ഉടമസ്ഥാവകാശം ആർക്കെന്നതിൽ പല വാദങ്ങളുണ്ടെന്നുമുള്ള സർക്കാർവാദം അംഗീകരിക്കാൻ ദേവസ്വം ബോർഡിനാകില്ല. സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തോടുള്ള ബോർഡിന്റെ പ്രതികരണം ഇന്നുണ്ടായേക്കും.

ശ്രീധരൻ പിള്ളയ്ക്കും തന്ത്രിക്കുമെതിരേ കോടതിയലക്ഷ്യ ഹർജിക്ക് അനുമതിയില്ല

● സ്വന്തം ലേഖകൻ
ന്യൂഡൽഹി

ശബരിമലയിൽ ഭക്തകൾക്കു പ്രായഭേദമില്ലാതെ പ്രവേശനമനുവദിച്ച സുപ്രീം കോടതിവിധി നടപ്പാക്കുന്നു തടഞ്ഞെന്നാരോപിച്ച് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ പി.എസ്. ശ്രീധരൻ പിള്ള, തന്ത്രി കണ്ഠര് രാജീവര് തുടങ്ങിയവർക്കെതിരായ കോടതിയലക്ഷ്യ ഹർജികൾക്കു സോളിസിറ്റർ ജനറൽ തുഷാർ മേത്ത അനുമതി നിഷേധിച്ചു. ഇവരുടെ നടപടി കോടതിയലക്ഷ്യമല്ല. വിധിയെ എതിർത്തവരുടേതു ക്രിയാത്മക വിമർശനമാണെന്നും മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കോടതിയലക്ഷ്യ ഹർജികൾ അനുവദിക്കാനാവില്ലെന്നും സോളിസിറ്റർ ജനറൽ വ്യക്തമാക്കി.

പന്തളം രാജകുടുംബാംഗം രാമവർമരാജ, ബി.ജെ.പി. നേതാവ് മുരളീധരൻ ഉണ്ണിത്താൻ, നടൻ കൊല്ലം തുളസി എന്നിവരടക്കം അഞ്ചു പേർക്കെതിരേ കോടതിയലക്ഷ്യ നടപടിക്ക് എസ്.എഫ്.ഐ. നേതാവ് ഡോ. ഗീതാകുമാരി അനുമതി തേടിയത്. കോടതിയലക്ഷ്യ ഹർജിയുമായി ഇവർ നേരിട്ടു സുപ്രീം കോടതിയെ സമീപിക്കുമെന്നാണു സൂചന.

സുപ്രീം കോടതിയിൽ കോടതിയലക്ഷ്യ ഹർജി സമർപ്പിക്കാൻ അറ്റോർണി ജനറലിന്റെ അനുമതി വേണമെന്നാണു ചട്ടം. എന്നാൽ തീരുമാനമെടുക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറിയ എ.ജി. കെ.കെ. വേണുഗോപാൽ അതിനു സോളിസിറ്റർ ജനറലിനെ ചുമതലപ്പെടുത്തുകയായിരുന്നു. യുവതീപ്രവേശനത്തെ എതിർത്ത് ദേവസ്വം ബോർഡിനു വേണ്ടിയും എൻ.എസ്.എസിനു വേണ്ടിയും നേരത്തേ അഭിഭാഷകനെന്ന നിലയിൽ ഹാജരായതിനാലാണ് എ.ജി. ഒഴിഞ്ഞതെന്നാണു സൂചന. ഭരണഘടനാ ബെഞ്ചിൽ ജസ്റ്റിസ് ഇന്ദു മൽഹോത്രയുടെ ഭിന്നവിധിയാണു കൂടുതൽ സ്വീകാര്യമെന്ന് അദ്ദേഹം തുറന്നുപറഞ്ഞിരുന്നു.

താഴമൺ കുടുംബത്തിന് മുൻ മേൽശാന്തിമാരുടെ പിന്തുണ

ചെങ്ങന്നൂർ: ശബരിമല ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് താന്ത്രികാവകാശമുള്ള താഴമൺ കുടുംബം സ്വീകരിച്ചിരിക്കുന്ന നിലപാടുകൾക്ക് ശബരിമലയിലെ മുൻ മേൽശാന്തിമാർ പൂർണ പിന്തുണ പ്രഖ്യാപിച്ചു.

ശബരിമലയിലെയും മാളികപ്പുറത്തെയും മുൻ മേൽശാന്തിമാർ ശബരിമലയിൽ നിലനിൽക്കുന്ന സ്ഥിതിഗതികൾ ചർച്ച ചെയ്യുന്നതിനു വേണ്ടിയാണ് ഇന്നലെ വൈകിട്ട് മുണ്ടൻകാവിലെ താഴമൺ മഠത്തിൽ ഒത്തുചേർന്നത്.

ഏഴിക്കോട് ശശി നമ്പൂതിരി അധ്യക്ഷത വഹിച്ചു. തന്ത്രിമാരായ കണ്ഠര് മോഹനർ, രാജീവര്, മഹേഷ് മോഹനര്, മുൻ മേൽശാന്തിമാരായ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി, പി.എൻ.നാരായണൻ നമ്പൂതിരി, എ.ആർ.രാമൻ നമ്പൂതിരി, ശ്രീകുമാര ശർമ, കാശിക്കോട് ഉണ്ണികൃഷ്ണൻ നമ്പൂതിരി, മുത്തേടം സുകുമാരൻ നമ്പൂതിരി, ഇളമന എൻ.ദാമോദരൻ പോറ്റി, എൻ.ബാലമുരളി, എസ്.ഇ. ശങ്കരൻ നമ്പൂതിരി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, മനോജ് എമ്പ്രാന്തിരി, കുത്തുള്ളി കൃഷ്ണൻ നമ്പൂതിരി, തെക്കുംപറമ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരി തുടങ്ങിയവർ പങ്കെടുത്തു.

പി.സി. ജോർജിന്റെ ഹർജിയിൽ സർക്കാരിന്റെ വിശദീകരണം തേടി

കൊച്ചി: മണ്ഡലവ്രതം ആരംഭിക്കുന്നതിനു മുമ്പു ശബരിമലയിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കണമെന്നാവശ്യപ്പെട്ടു പി.സി. ജോർജ് എം.എൽ.എ. സമർപ്പിച്ച ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടി.

ശബരിമലയിൽ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനു നടപടി സ്വീകരിക്കണമെന്നും അനാവശ്യമായി പോലീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നതു തടയണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മിഷണർ, പത്തനംതിട്ട ജില്ലാ കലക്ടർ എന്നിവരെ എതിർകക്ഷികളാക്കിയാണു ഹർജി.

ശബരിമല ആദിവാസി അവകാശസമിതി കൺവൻഷൻ

കൊച്ചി: ശബരിമലയിലെ ബ്രാഹ്മണ മേധാവിത്തം അവസാനിപ്പിക്കുന്നതിനായി ബോധവൽക്കരണം നടത്താനും, ആദിവാസികളുടെ ആചാരങ്ങൾ പുനസ്ഥാപിക്കാനുമായി ഡിസംബർ 16 ന് എരുമേലിയിൽ കൺവൻഷൻ സംഘടിപ്പിക്കുമെന്നു ശബരിമല ആദിവാസി അവകാശ പുനസ്ഥാപന സമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

ബ്രാഹ്മണരുടെ നേതൃത്വത്തിൽ ദേവപ്രശ്നമെന്ന തട്ടിപ്പു നടത്തി ആദിവാസികൾ, ദളിതർ മറ്റു പരമ്പരാഗത സമൂഹങ്ങൾ എന്നിവരിൽനിന്നു കാവുകളും കോട്ടങ്ങളും ആരാധനാ കേന്ദ്രങ്ങളും തട്ടിയെടുക്കുന്ന നടപടിക്കെതിരേ ആചാര അനുഷ്ഠാനങ്ങൾ ക്രമീകരിക്കുന്ന ഗോത്രമുഖ്യന്മാരുടെയും ആചാരസ്ഥാനീയരുടെയും സഭയും ഇതിന്റെ ഭാഗമായി നടക്കും.

ശബരിമല ക്ഷേത്രത്തിന്റെ ആദ്യപടി ഇട്ടതും ആദ്യ പൂജാരിയും കരിമല അരയനാണ്. കരിമല മൂർത്തി, താളനാനി അരയൻ, കരിങ്കോന്തി ഓപ്പൻ, വള്ളേരി കടുത്ത, കൊമ്പുകുത്തി കൊച്ചുരാമൻ തുടങ്ങിയവരുടെ വംശപരമ്പരയാണ് ശബരിമലയിൽ ആചാരങ്ങൾ നിർവഹിച്ചിരുന്നത്. താളനാനി മലയരയ കുടുംബം അയ്യപ്പന് ചാർത്തിയിരുന്ന വളയും ആഭരണങ്ങളും ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിലാണ്. ശബരിമല കൂടാതെ കരിമല, പൊന്നമ്പലമേട്, നിലയ്ക്കൽ തുടങ്ങിയ ആരാധനാ കേന്ദ്രങ്ങളിലും ആചാരലംഘനം നടക്കുന്നതായി സമിതി ആരോപിച്ചു.

സമിതി ഭാരവാഹികളായ പ്രഭാകരൻ കണ്ണൂർ, എം.ഐ. രവീന്ദ്രൻ, എം. ഗീതാനന്ദൻ, പി.ജി. ജനാർദനൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.